**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3181** **07-10-2025 - ൽ മറുപടിയ്ക്ക്**

**കായിക വകുപ്പ് മുഖേന പയ്യന്നൂർ മണ്ഡലത്തിൽ അനുവദിച്ച പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കായിക വകുപ്പ് പയ്യന്നൂർ മണ്ഡലത്തിൽ അനുവദിച്ച പദ്ധതികൾ ഏതൊക്കെയാണെന്നും അവ ഓരോന്നിന്റെയും നിലവിലെ അവസ്ഥ എന്താണെന്നും വിശദമാക്കാമോ? | (എ) | വിശദാംശം അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | ഭരണാനുമതി തുക | നിലവിലെ സ്ഥിതി |
|---|---|---|---|
| 1 | ചൂണ്ട ഗവ. വൊക്കേഷണൽ ഹയർ സെക്കൻററി സ്കൂൾ ഗ്രൗണ്ട് നവീകരണം | 3,00,00,000/- | 04.01.2023 തീയ്യതിയിലെ സർക്കാർ ഉത്തരവ് (സാധാ) നം. 10/2023/കാ.യു.വ പ്രകാരം കണ്ണൂർ ജില്ലയിലെ ചൂണ്ട ഗവ. വൊക്കേഷണൽ ഹയർ സെക്കൻററി സ്കൂൾ ഗ്രൗണ്ട് വികസന പ്രവൃത്തിക്കായി 3.00 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. 25.02.2023 തീയ്യതിയിൽ സ്പോർട്സ് കേരള ഫൗണ്ടേഷൻ ചീഫ് എഞ്ചിനീയർ ടി പ്രവൃത്തിയ്ക്ക് 2.84 കോടി രൂപയുടെ സാങ്കേതികാനുമതി നൽകി. 14.03.2023 തീയ്യതിൽ ഇ-ദർഘാസ് ക്ഷണിക്കുകയും കുറഞ്ഞ തുക രേഖപ്പെടുത്തിയ ശ്രീ. മുഹമ്മദ് കുഞ്ഞി, കാസർഗോഡ് എന്ന കരാറുകാരനുമായി 26.06.2023 തീയ്യതിയിൽ കരാറിൽ ഏർപ്പെടുകയും പ്രവൃത്തികൾ പുരോഗമിക്കുകയുമാണ്. ടി പദ്ധതിയിൽ പ്രധാനമായും ഗ്രൗണ്ട് ഡെവലപ്മെൻറ് പ്രവൃത്തികൾ, ഇൻഡോർ കോർട്ട്, സ്റ്റെപ്പ് ഗ്യാലറി, ടോയ്ലെറ്റ് ബ്ലോക്ക്, ലോംഗ് ജംപ് പിറ്റ്, റീട്ടെയിനിംഗ് വാൾ, ഫെൻസിംഗ്, അനുബന്ധ ഇലക്ട്രിക്കൽ പ്രവൃത്തികൾ എന്നിവയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. 60% പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. 2026 ജനുവരി മാസം അവസാനത്തോടുകൂടി പദ്ധതി പൂർത്തീകരിക്കുവാൻ കഴിയുന്നതാണ്. |
| 2 | ജി.എച്ച്.എസ്.എസ്. വയക്കര ഹാൻഡ്ബോൾ ഇൻഡോർ സ്റ്റേഡിയം | 3,00,00,000/- | 14.12.2023 തീയ്യതിയിലെ സർക്കാർ ഉത്തരവ് (സാധാ) നം. 356/2023/കാ.യു.വ പ്രകാരം കണ്ണൂർ ജില്ലയിലെ വയക്കര ജി.എച്ച്.എസ്.എസ്-ലെ ഹാൻഡ് ബോൾ ഇൻഡോർ സ്റ്റേഡിയം നിർമ്മാണ പ്രവൃത്തിക്കായി 3.00 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. 14.02.2024 തീയ്യതിയിൽ സ്പോർട്സ് കേരള ഫൗണ്ടേഷൻ ചീഫ് എഞ്ചിനീയർ ടി പ്രവൃത്തിയ്ക്ക് 2.84 കോടി രൂപയുടെ സാങ്കേതികാനുമതി നൽകുകയും 16.02.2024, 09.03.2024 എന്നീ തീയ്യതികളിലായി ഇ-ദർഘാസ് ക്ഷണിക്കുകയും ചെയ്തിരുന്നു. ആദ്യ രണ്ട് ദർഘാസിലും കരാറുകാർ ആരും തന്നെ പങ്കെടുത്തിരുന്നില്ല. തുടർന്ന് 29.04.2024 തീയ്യതിയിൽ പുനർദർഘാസ് ക്ഷണിക്കുകയും പ്രസ്തുത ദർഘാസിൽ യോഗ്യത നേടിയ കരാറുകാരിൽ വച്ച് ഏറ്റവും കുറഞ്ഞ തുക രേഖപ്പെടുത്തിയ ശ്രീ. ഒ.സി. ഉല്ലാസൻ, കണ്ണൂർ എന്ന കരാറുകാരനുമായി 25.09.2024 തീയ്യതിയിൽ കരാറിൽ ഏർപ്പെടുകയും പ്രവൃത്തി ആരംഭിക്കുകയും 40% പ്രവൃത്തികൾ |

| | | | |
|---|---|---|---|
| | | | പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ടി പദ്ധതിയിൽ പ്രധാനമായും നിലവിലുള്ള ഇൻഡോർ സ്റ്റേഡിയത്തിൻറെ പൂർത്തീകരണവും, അനുബന്ധ ഇലക്ട്രിക്കൽ പ്രവൃത്തികളുമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. 2026 ജനുവരി മാസം അവസാനത്തോടുകൂടി പദ്ധതി പൂർത്തീകരിക്കുവാൻ കഴിയുന്നതാണ്. |
| 3 | പയ്യന്നൂർ പേരൂൾ പ്രഭ ആർട്സ് & സ്പോർട്സ് ക്ലബ് കായിക സൗകര്യങ്ങൾ സ്ഥാപിക്കൽ | 75,00,000/- | 15.02.2025 തീയ്യതിയിലെ സർക്കാർ ഉത്തരവ് (സാധാ) Mo. 42/2025/കാ.യു.വ പ്രകാരം പയ്യന്നൂർ നിയോജക മണ്ഡലത്തിലെ പേരൂൾ പ്രഭ ആർട്സ് & സ്പോർട്സ് ക്ലബ്ബിലെ അടിസ്ഥാന സൗകര്യങ്ങൾ സ്ഥാപിക്കുന്ന പ്രവൃത്തിക്കായി 75.00 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. 70.42 ലക്ഷം രൂപയ്ക്ക് സ്പോർട്സ് കേരള ഫൗണ്ടേഷൻ പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകുകയും ദർഘാസ് ക്ഷണിക്കുകയും ചെയ്തു. ശ്രീ. അബ്ദുൾ സത്താർ, കാസർഗോഡ് എന്ന കരാറുകാരനാണ് ടി പ്രവൃത്തിയുടെ കരാർ ഏറ്റെടുത്തിട്ടുള്ളത്. ടി പദ്ധതിയിൽ വോളീബോൾ കോർട്ടിൻറെ നവീകരണം, ഫ്ളെഡ് ലൈറ്റ് എന്നീ ഘടകങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. നിലവിൽ 30% പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. 2025 ഡിസംബർ മാസം അവസാനത്തോട്ടു കൂടി പ്രവൃത്തി പൂർത്തീകരിക്കുവാൻ കഴിയുന്നതാണ്. |
| 4 | ഒരു പഞ്ചായത്തിൽ ഒരു കളിക്കളം: പെരിങ്ങോം വയക്കര ഗ്രാമപഞ്ചായത്തിലെ തവിടിശ്ശേരി ഹൈസ്കൂൾ ഗ്രൗണ്ട് വികസനം | 1,00,00,000/- | ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെട്ട ടി പ്രവൃത്തിയ്ക്ക് ബഹു. പയ്യന്നൂർ നിയോജക മണ്ഡലം എം.എൽ.എയുടെ ആസ്തി വികസന ഫണ്ട് വിഹിതമായി 50 ലക്ഷം രൂപ അനുവദിച്ച് കണ്ണൂർ ജില്ലാ കളക്ടറുടെ നടപടി ക്രമ നം. എൽ.എസ്. ജി.ഡി/.ഡി/.എൻ.ആർ/5372/2024-എഫ്2(1) തീയ്യതി 04.11.2024 പ്രകാരം ഭരണാനുമതി നൽകിയിരുന്നു. കായിക വകുപ്പ് ഡയറക്ടറുടെ 15.11.2024 ഉത്തരവ് പ്രകാരം എം.എൽ.എ ഫണ്ട് വിഹിതവും പ്ലാൻ ഫണ്ട് വിഹിതവും കൂടി ഉൾപ്പെടുത്തി 100 ലക്ഷം രൂപയുടെ സംയുക്ത ഭരണാനുമതിയും ടി പ്രവൃത്തിയ്ക്ക് നൽകിയിരുന്നു. 29.11.2024 തീയ്യതിയിൽ സ്പോർട്സ് കേരള ഫൗണ്ടേഷൻ ചീഫ് എഞ്ചിനീയർ ടി പ്രവൃത്തിയ്ക്ക് 93.89 ലക്ഷം രൂപയുടെ സാങ്കേതികാനുമതി നൽകി ഇ-ദർഘാസ് |

| | | | |
|---|---|---|---|
| | | | ക്ഷണിക്കുകയും ഇതനുസരിച്ച് യോഗ്യത നേടിയ കരാറുകാരിൽ വച്ച് ഏറ്റവും കുറഞ്ഞ തുക രേഖപ്പെടുത്തിയ ശ്രീ. മോഹനൻ. കണ്ണൂർ എന്ന കരാറുകാരനുമായി 08.01.2025 തീയ്യതിയിൽ കരാറിലേർപ്പെടുകയും പ്രവൃത്തി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.ടി പ്രവൃത്തിയിൽ ഗ്രൗണ്ട് ഡെവലപ്മെൻറ്, ഫെൻസിംഗ്, ടോയ്ലെറ്റ് ബ്ലോക്ക്, സ്റ്റെപ്പ് ഗ്യാലറി എന്നീ ഘടകങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. 2026 ഫെബ്രുവരി മാസം അവസാനത്തോടു കൂടി പ്രവൃത്തി പൂർത്തീകരിക്കുന്നതാണ്. |
| 5 | മുതിയലം മിനി സ്റ്റേഡിയം, പയ്യന്നൂർ മുനിസിപ്പാലിറ്റി | 50,00,000/- | 03.10.2025 തീയ്യതിയിലെ സർക്കാർ ഉത്തരവ് (സാധാ) നം. 246/2025/കാ.യു.വ പ്രകാരം ടി പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. |
| 6 | ഒരു പഞ്ചായത്തിൽ ഒരു കളിക്കളം:<br>എ.കെ.<br>എ.എസ്.<br>ജി.വി.എച്ച്.എസ്.എസ്.<br>ഗ്രൗണ്ട് | 1,00,00,000/- | ടി പദ്ധതിയുടെ എസ്റ്റിമേറ്റ് 01.09.2025 ൽ പദ്ധതിയുടെ നിർവഹണ ഏജൻസിയായ സ്പോർട് സ് കേരള ഫൗണ്ടേഷൻ തയ്യാറാക്കി 11.09.2025 ൽ കണ്ണൂർ ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്.ജില്ലാ കളക്ടറിൽ നിന്നുള്ള ഭരണാനുമതി ലഭ്യമാകുന്ന മുറക്ക്അനന്തര നടപടി സ്വീകരിക്കുന്നതാണ്. |
| 7 | ഒരു പഞ്ചായത്തിൽ ഒരു കളിക്കളം: കരിവെള്ളൂർ എ.വി<br>.എസ്.<br>ജി.എച്ച്.എസ്.എസ്.<br>ഗ്രൗണ്ട് | 1,00,00,000/- | 10.07.2025 തീയ്യതിയിലെ ജില്ലാ കളക്ടറുടെ കത്ത് പ്രകാരം ടി പ്രവൃത്തിക്ക് 50.00 ലക്ഷം എം.എൽ.എ ഫണ്ട് വിഹിതം അനുവദിച്ചതായി അറിയിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ സ്പോർട്സ് കേരള ഫൗണ്ടേഷൻ പ്രവൃത്തിയുടെ ഭരണാനുമതി എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. |
| 8 | സി.പി.എൻ.എസ്<br>ജി.എച്ച്.എസ്.എസ്.<br>ഗ്രൗണ്ട്, മാതാമംഗലം | 1,13,34,000/- | 03.10.2025 തീയ്യതിയിലെ സർക്കാർ ഉത്തരവ് (സാധാ) നം. 245/2025/കാ.യു.വ പ്രകാരം ടി പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. |
| 9 | ചെറുപുഴ പഞ്ചായത്ത് മിനി സ്റ്റേഡിയം | - | 19.09.2025 തീയ്യതിയിലെ സ.ഉ.(സാധാ) നം. 237/2025/ കാ.യു.വ പ്രകാരം ടി പ്രവൃത്തി ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയിലെ സർക്കാർ അംഗീകരിച്ച ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ട്. |